**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2469** **24-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷന് വേണ്ടി അനുവദിച്ച തുകയും ചെലവഴിച്ച തുകയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷം ലൈഫ് മിഷന് വേണ്ടി എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ധനവകുപ്പ് തിരിച്ചെടുത്തു; ചെലവഴിക്കാതെ നഷ്ടമാക്കിയ തുക എത്ര; കണക്കുകൾ ലഭ്യമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷം ലൈഫ് മിഷന്റെ തനത് ശീർഷകങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ ശീർഷകങ്ങൾ, PMAY ശീർഷകങ്ങൾ എന്നിവയിലായി ലൈഫ് പദ്ധതിക്ക് വേണ്ടി ബജറ്റ് വിഹിതമായി 1894.77 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 1128.81 കോടി രൂപ അനുവദിക്കുകയും 1068.43 കോടി രൂപ ചെലവഴിക്കുകയും ചെലവഴിക്കാതിരുന്ന 60.37 കോടി രൂപ സർക്കാർ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ആകെ ബജറ്റ് വിഹിതത്തിൽ നിന്നും 826.34 കോടി രൂപ വിനിയോഗിച്ചിട്ടില്ല. |
| (ബി) | ലൈഫ് മിഷനിലെ ജീവനക്കാരുടെ ശമ്പളം മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ലൈഫ് പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം (2023-24) 3.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നടപ്പ് സാമ്പത്തിക വർഷം ലൈഫ് മിഷന് വേണ്ടി എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര തുക അനുവദിച്ചു, എത്ര തുക ചെലവഴിച്ചു, വ്യക്തമാക്കുമോ? | (സി) | നടപ്പ് സാമ്പത്തിക വർഷം ലൈഫ് മിഷന്റെ തനത് ശീർഷകങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ ശീർഷകങ്ങൾ, PMAY ശീർഷകങ്ങൾ എന്നിവയിലായി ലൈഫ് പദ്ധതിക്ക് വേണ്ടി 1974.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2024 മേയ് മാസം വരെ 102.62 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ